ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം റവന്യു ഡിവിഷണൽ ആഫീസിൽ നിന്നും ഇതു വരെ അന്വേഷണറിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) റിപ്പോർട്ട് ലഭിച്ചാൽ ഉടൻ തക്കതായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ഉരുൾ പൊട്ടൽ

179 [2617] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യുവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വെള്ളിക്കുളങ്ങര ആനപന്തം എന്ന സ്ഥലത്ത് 14-7-2005-ന് ഉണ്ടായ ഉരുൾപൊട്ടൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി എത്ര പേർ മരിക്കാൻനിടയായി; എത്ര വീടുകൾക്ക് നാശനഷ്ടം വന്നിട്ടുണ്ട്;

(സി) മരണപ്പെട്ട കുടുംബങ്ങൾക്ക് ആവശ്യമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) എത്ര ഏക്കർ സ്ഥലത്താണ് നാശനഷ്ടം ഉണ്ടായിട്ടുള്ളത്;

(ഇ) റവന്യു വകുപ്പ് ഇവിടെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു സ്ത്രീയും ടിയാളുടെ ഒരു വയസ്സ് പ്രായമുള്ള മകളും മരണമടഞ്ഞു. 4 വീടുകൾ ഭാഗികമായും ഒരു വീടിന് പൂർണ്ണമായും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(സി) അടിയന്തിര ധനസഹായമായി 10,000 രൂപ ആശ്രിതർക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) അഞ്ച് ഏക്കർ.

(ഇ) ആനപന്തം കോളനിയിലെ മുഴുവൻ കുടുംബങ്ങളെയും (47 കുടുംബങ്ങൾ, 157 അംഗങ്ങൾ) ഉൾവനത്തിൽനിന്നും (ഉരുൾപൊട്ടൽമൂലം ഉപയോഗശൂന്യമായ റോഡ് റിപ്പയർ ചെയ്ത്) വെള്ളിക്കുളങ്ങര ഗവൺമെന്റ് യു. പി. എസി.ൽ ആരംഭിച്ച ദുരിതാശ്വാസക്യാമ്പിലേക്ക് മാറ്റിപ്പാർപ്പിച്ചിട്ടുള്ളതാണ്. ക്യാമ്പിൽ ഭക്ഷണം, വെളിച്ചം, വസ്ത്രം തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുള്ളതാണ്. 16-7-2005-ൽ ഡിസാസ്റ്റർ മാനേജ്മെന്റ് ജില്ലാതല യോഗം കൂടിയിട്ടുള്ളതും ജിയോളജിസ്റ്റ്, ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ തുടങ്ങിയവരെ അപകടസ്ഥലം സന്ദർശിച്ച് തുടർന്ന് അപകട സാദ്ധ്യതയുണ്ടോ എന്നു പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് നിയോഗിച്ചിട്ടുള്ളതുമാണ്.

GPM. 2/588/2012—26

LIBRARY ARCHIVES Kerala Legislative Assembly